**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5709** **08-07-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാ പിഴവ് മൂലം പത്തനംതിട്ടയിലെ പെൺകുട്ടിയുടെ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൃതിക, ഊന്നുകൽ പോസ്റ്റ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലെ കല സുനുകുമാർ & സുനുകുമാർ.പി ദമ്പതികളുടെ ഏകമകളും അവസാന വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയുമായിരുന്ന 22 വയസുള്ള കീർത്തി സുനുകുമാർ ചികിത്സാ പിഴവ് മൂലം 10.05.2024ൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് മാതാപിതാക്കളുടെ പരാതി വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | ചികിത്സാ പിഴവ് സംബന്ധിച്ച പരാതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചികിത്സാപ്പിഴവ് നടന്നത് സ്വകാര്യ ആശുപത്രിയിൽ ആയതിനാൽ ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്നും പ്രൈവറ്റ് ആശുപത്രിയിലെ സിവിൽ/ ക്രിമിനൽ ചികിത്സാ പിഴവിനെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരം പോലീസ് / കോടതി എന്നിവരിൽ നിക്ഷിപ്തമാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപ്രകാരം ടി വിഷയം സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ 0574/2024 ആയി FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് അസിസ്റ്റന്റ് കമ്മീഷണർ/ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് മുഖാന്തിരം കേസന്വേഷണം നടത്തി കേസ് റെക്കോർഡുകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൺവീനറായുള്ള വിദഗ്ധ സമിതി ചേർന്ന് റിപ്പോർട്ട് നൽകുന്നതാണ്. |
| (സി) | ഈ വിഷയത്തിൽ ഡോക്ടർമാരുടെ ഭാഗത്ത് നിന്നും ചികിത്സാ പിഴവ് ഉണ്ടായിട്ടുണ്ടോയെന്ന് ആരോഗ്യ | (സി) | ചികിത്സാ പിഴവ് സംബന്ധിച്ച പരാതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറർക്ക് നൽകിയിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | വകുപ്പ് മുഖേന അന്വേഷണം നടത്തി മാതൃകാപരമായ തുടർനടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ; | | ചികിത്സാപ്പിഴവ് നടന്നത് സ്വകാര്യ ആശുപത്രിയിൽ ആയതിനാൽ ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്നും പ്രൈവറ്റ് ആശുപത്രിയിലെ സിവിൽ/ ക്രിമിനൽ ചികിത്സാ പിഴവിനെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരം പോലീസ് / കോടതി എന്നിവരിൽ നിക്ഷിപ്തമാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപ്രകാരം ടി വിഷയം സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ 0574/2024 ആയി FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് അസിസ്റ്റന്റ് കമ്മീഷണർ/ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് മുഖാന്തിരം കേസന്വേഷണം നടത്തി കേസ് റെക്കോർഡുകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൺവീനറായുള്ള വിദഗ്ധ സമിതി ചേർന്ന് റിപ്പോർട്ട് നൽകുന്നതാണ്. |
| (ഡി) | ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | ചികിത്സാ പിഴവ് സംബന്ധിച്ച പരാതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചികിത്സാപ്പിഴവ് നടന്നത് സ്വകാര്യ ആശുപത്രിയിൽ ആയതിനാൽ ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്നും പ്രൈവറ്റ് ആശുപത്രിയിലെ സിവിൽ/ ക്രിമിനൽ ചികിത്സാ പിഴവിനെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരം പോലീസ് / കോടതി എന്നിവരിൽ നിക്ഷിപ്തമാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപ്രകാരം ടി വിഷയം സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ 0574/2024 ആയി FIR രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് അസിസ്റ്റന്റ് കമ്മീഷണർ/ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് മുഖാന്തിരം കേസന്വേഷണം നടത്തി കേസ് റെക്കോർഡുകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൺവീനറായുള്ള വിദഗ്ധ സമിതി ചേർന്ന് റിപ്പോർട്ട് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ